പാഠം 8

# സ്വാതന്ത്ര്യ സ്വസ്ഥത

## ശബ്ബത്ത് സായാഹ്നം

**ഈ ആഴ്ചയിലെ പഠനത്തിന്: മർക്കൊസ് 2:1–12; 1 രാജാ. 18; 19:1–8; മത്തായി 5:1–3; യെശ. 53:4–6; 2 രാജാ. 2:11.**

**മനഃപാഠവാക്യം: "യഹോവ എന്റെ വെളിച്ചവും എന്റെ രക്ഷയും ആകുന്നു; ഞാൻ ആരെ പേടിക്കും?" (സങ്കീ. 27:1).**

യേശുവിന്റെ ഇഹലോകവാസത്തിനിടെ താൻ കണ്ടുമുട്ടിയ മനുഷ്യരിലധികവും രോഗികളും മരണനിമിഷത്തിലേയ്ക്കടുത്തവരുമായിരുന്നു. സൗഖ്യത്തിനും കഷ്ടപ്പാടിൽനിന്നു വിടുതലിനുമായി അവർ തടിച്ചുകൂടി. അവർക്കെല്ലാമത് എപ്പോഴും ലഭിക്കുകയും ചെയ്തിരുന്നു. ചിലപ്പോഴൊക്കെ തന്റെ ഒരു വാക്കുകൊണ്ടുമാത്രം അവർക്കു പൂർണ്ണ ആരോഗ്യം സിദ്ധിച്ചിരുന്നു. ചില സന്ദർഭങ്ങളിൽ ഒന്നു തൊടുമ്പോൾ തന്നെ അത്ഭുത സൗഖ്യം അവർ പ്രാപിച്ചിരുന്നു. ചിലപ്പോഴവരെ പറഞ്ഞയക്കുകയും പോകുന്ന മാത്രയിൽത്തന്നെ സൗഖ്യം വരികയും ചെയ്തു. പുരുഷന്മാർ, സ്ത്രീകൾ, കുട്ടികൾ, യെഹൂദർ, യെഹൂദന്മാരല്ലാത്തവർ, ധനികൾ, ദരിദ്രർ, തന്നെ അംഗീകരിക്കാത്തവർ തുടങ്ങിവരെയൊക്കെ സുഖപ്പെടുത്തി. ഏറ്റവും ഭീകരരോഗമായ കുഷ്ഠം ബാധിച്ചവർ, കുരുടർ എന്നിവരാരുംതന്നെ തനിക്ക് അസാദ്ധ്യമായിരുന്നില്ല. രോഗത്തിന്റെ ഏറ്റവും ഭയാനക അവസ്ഥയെ മരണത്തെപ്പോലും കർത്താവു സുഖമാക്കി.

വ്യത്യസ്തമായ രണ്ടു സൗഖ്യദായ ഉദാഹരണങ്ങൾ ഈ ആഴ്ച നാം കാണുകയാണ്. സ്വയമായി യേശുവിന്റെ അടുക്കൽ വരാൻപോലും സാദ്ധ്യതയില്ലാതിരുന്നതാണ് ഒന്ന്. അവന്റെ രോഗലക്ഷണങ്ങൾ എല്ലാവർക്കും കാണാമായിരുന്നു. മറ്റൊന്നിൽ വ്യക്തമായ രോഗലക്ഷണങ്ങളൊന്നും കാണപ്പെട്ടിരുന്നില്ല. രണ്ടിലും ദൈവത്തിന്റെ സമയത്തു വഴിയിലും ആയി സൗഖ്യം ലഭിക്കയായിരുന്നു.

വേദനയിലും കഷ്ടപ്പാടിലും നിന്നുള്ള സ്വസ്ഥതയെന്ന ഈ വിഷയം നാം സൂക്ഷ്മമായി പരിശോധിക്കുമ്പോൾ നമ്മുടെ ക്രിസ്തീയ അനുഭവത്തിൽ നാമെല്ലാവരും ഒരിക്കലെങ്കിലും നേരിട്ടിട്ടുള്ള പ്രശ്നവും പര്യാലോചിക്കുന്നതാണ്. രോഗസൗഖ്യത്തിനുള്ള നമ്മുടെ പ്രാർത്ഥനയ്ക്ക് ഉത്തരം കിട്ടാതിരിക്കുമ്പോൾ എന്തു സംഭവിക്കുന്നു? അങ്ങനെയുള്ളപ്പോൾ നാം എപ്രകാരം സ്വസ്ഥത കണ്ടെത്തും?

***ഈ ആഴ്ചയിലെ പാഠം പഠിച്ച് ആഗസ്റ്റ് 21 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## സൗഖ്യ സ്വസ്ഥത

നമുക്കു സ്വസ്ഥത അത്യാവശ്യമെന്നുള്ള ഘട്ടം നാം രോഗക്കിടക്കയിലായിരിക്കുമ്പോഴാണ്. പര്തിരോധവ്യൂഹം ശക്തീകരിക്കേണ്ടതിനു ശാരീരിക സ്വസ്ഥത അത്യാവശ്യം തന്നെ.

പലപ്പോഴും നമുക്കു മാനസിക സ്വസ്ഥതയും വേണം. രോഗം ചിലപ്പോൾ ജീവൻ അപകടത്തിലാക്കുന്നതല്ലായിരിക്കും. ജലദോഷം, തലവേദന, ചെന്നിക്കുത്ത് മുതലായവ. അപ്പോൾ നമ്മൾ കിടക്കയിലായിരിക്കും. ചെയ്യേണ്ടതു പലതുമുണ്ടെങ്കിലും സാധിക്കുന്നില്ല.

ചിലപ്പോൾ ജീവനു ഭീഷണിയാകുന്ന എന്തെങ്കിലും ആയിരിക്കും. വൈദ്യപരിശോധനയുടെ ഫലം കാത്തിരുന്നു ക്ഷമ നഷ്ടപ്പെട്ട അവസ്ഥയുമായിരിക്കാം. എന്താണെന്നു ചിന്തിച്ചു നമ്മൾ അതിശയിക്കും. ആരോഗ്യകരമല്ലാതിരുന്ന ജീവിതശൈലി നമുക്കു ദോഷമായോ? ഇരുപതുവർഷംമുമ്പ് നമ്മൾ ഉപയോഗിച്ചിരുന്ന ലഹരിമരുന്നാണോ കാരണം? കഴിഞ്ഞ കുറെ വർഷങ്ങളായി നാം കൊണ്ടുനടക്കുന്ന അമിതവണ്ണമാണോ പ്രശ്നം? മറ്റാർക്കും അറിഞ്ഞുകൂടാതെ നമ്മിലുണ്ടായിരുന്ന രഹസ്യപാപത്തിനു ദൈവം തരുന്ന ശിക്ഷയാണോ അത്?

മർക്കൊസ് 2:1–4 വായിക്കുക. ഇവിടെ എന്താണു സംഭവിക്കുന്നത്?

പക്ഷവാദരോഗിക്ക് ഇതൊരു വ്യക്തമായ സംഭവമാണ്. ഇതിന്റെ ഒരു പശ്ചാത്തലം “യുഗങ്ങളുടെ പ്രത്യാശ”യെന്ന പുസ്തകത്തിൽനിന്നു കിട്ടുന്നുണ്ട് PP. 267-268.

തനിക്ക് അഭിമാനിക്കാനാവാത്ത പലതും അവൻ ചെയ്തുപോയിട്ടുണ്ട്. ഈ രോഗകാരണം അവന്റെ പാപജീവിതമാണ്. കാരണത്തിൽനിന്ന് ഫലപ്രാപ്തിയിലേക്ക് ആത്മികവിദഗ്ധർ നേർവരയിടുന്നു. തന്റെ പാപം നിമിത്തം ഈ രോഗം അവന്റെ മേൽ വന്നു. അതിനു പരിഹാരമില്ല.

ഈ മനോഭാവം ചില പ്രത്യേകതകൾ നിറഞ്ഞതായി മാറാനും സാദ്ധ്യതയുണ്ട്. ഈ ബാധയുടെ കാരണം ആരെന്നു നമ്മൾ ചിന്തിച്ചേക്കാം. എന്തെങ്കിലുമൊരു കുറ്റകൃത്യം സംഭവിച്ചാൽ ആരെങ്കിലും അതിനുള്ള വിലകൊടുക്കണം. എവിടെയെങ്കിലും ഒരു അപകടം സംഭവിച്ചാൽ ആരുടെയെങ്കിലും പേരിൽ ഹർജി രേഖപ്പെടുത്തണം. പക്ഷേ ഇങ്ങനെ കുറ്റം ആരോപിക്കുന്നതിന്റെ പേരിൽ രോഗിക്കു സൗഖ്യമുണ്ടാകുന്നുമില്ല.

ദൈവത്തിന്റെ പ്രാരംഭപദ്ധതിയിൽ വേദനയോ രോഗമോ കഷ്ടതയോ ഒന്നുംതന്നെയില്ലായിരുന്നു. പാപം കടന്നുവന്നതിനു പിന്നാലെയാണ് ഈ ഭൂമിയിൽ രോഗമുണ്ടായത്. അതുകൊണ്ടു ദൈവം നമുക്ക് ആരോഗ്യനിയമങ്ങളും നല്കിയിരിക്കുന്നു. അവ പാലിച്ചാൽ ഇവിടെത്തന്നെ നമുക്ക് സമൃദ്ധമായ ജീവിതമുണ്ടാകും. പക്ഷേ പാപബാധിത ലോകത്തിൽ നാം എത്രതന്നെ ആരോഗ്യനിയമങ്ങൾ അനുസരിച്ചാലും ആരോഗ്യമുണ്ടാകുമെന്നതിന് ഉറപ്പൊന്നുമില്ല.

ആർക്കെങ്കിലും രോഗം വരുമ്പോൾ കുറ്റം ആരോപിപ്പാൻ ഒരുങ്ങുന്നത് ഒട്ടും തന്നെ ശരിയല്ല. അതേസമയം രോഗകാരണം അറിഞ്ഞിരിക്കുന്നതു ചില സന്ദർഭങ്ങളിൽ രോഗശമനത്തിനും സൗഖ്യം പ്രാപിക്കുന്നതിനും എളുപ്പവഴിയും ആകാറുണ്ട്.

## അടിവേരിൽ തുടങ്ങുന്ന ചികിത്സ

പക്ഷവാതക്കാരനെ യേശുവിന്റെ മുമ്പിൽ ഇറക്കിവെച്ചു. എല്ലാ കണ്ണുകളും യേശുവിങ്കലായിരുന്നു. ഒരു കുപ്രസിദ്ധ പാപിയെ സൗഖ്യപ്പെടുത്തുന്നതിനവൻ ഒരുമ്പെടുമോ? രോഗത്തെ ശാസിച്ചുകൊണ്ടവൻ ഒരു വാക്ക് ഉരുവിടുമോ?

ഈ പക്ഷവാതക്കാരനു സൗഖ്യം വരാൻ യേശു എന്തുചെയ്തു? അവനുവേണ്ടി യേശു ചെയ്ത ആദ്യപടി എന്തായിരുന്നു? മർക്കൊസ് 2:5–12 വായിക്കുക.

രോഗലക്ഷണങ്ങൾ കാണുന്നതുവരെ നമുക്കു രോഗത്തെക്കുറിച്ച് അറിവുണ്ടാകയില്ല. രോഗലക്ഷണങ്ങളാണ് രോഗമെന്നു സാധാരണ നാം ചിന്തിക്കും. ഈ ലക്ഷണങ്ങൾ അവസാനിച്ചാൽ രോഗം മാറിയതായി നമ്മൾ വിചാരിക്കും. യേശു രോഗത്തെ നേരിടുന്നതു മറ്റൊരു വിധമാണ്. എല്ലാ കഷ്ടതകളുടെയും രോഗങ്ങളുടെയും വേരു യേശുവിനറിയാം. അതിൽ യേശു ചികിത്സ തുടങ്ങുന്നു.

പക്ഷവാതക്കാരന്റെ കാര്യത്തിലും അങ്ങനെതന്നെ. ഈ മനുഷ്യനെ വളരെയധികം അലട്ടിക്കൊണ്ടിരുന്നതു യേശു അറിഞ്ഞുകൊണ്ട് അതിനെ ചികിത്സിച്ചു. തന്റെ രോഗത്തെപ്പറ്റി അവനുതോന്നിയിരുന്നതിലുമധികം കുറ്റബോധവും ദൈവത്തിൽനിന്നുള്ള അകൽച്ചയും അവനെ ബുദ്ധിമുട്ടിച്ചിരുന്നു. പാപരോഗത്തിൽ വീർപ്പുമുട്ടുന്ന ഈ ലോകത്തിൽ ഒരാൾ രോഗിയാകുമ്പോഴുള്ള സകലപ്രയാസങ്ങളും അതിജീവിക്കുവാൻ ദൈവത്തിങ്കലെ സ്വസ്ഥത സഹായിക്കുന്നു. ആയതിനാൽ യേശു നേരെ ആ അടിസ്ഥാനഘടകത്തിലേക്കു കടന്നു പാപക്ഷമ കൊടുക്കുന്നു. പാപക്ഷമ കൊടുത്തതായ പ്രസ്താവന കേട്ടപ്പോൾ മതനേതാക്കൾ ഞെട്ടിപ്പോയി. പുറത്തു പറയാത്തവരുടെ കുറ്റാരോപണം ഗ്രഹിച്ച യേശു അവരോടു മറ്റൊരു ചോദ്യം ചോദിച്ചു.

മർക്കൊസ് 2:8,9 വായിക്കുക. അവിടെ കൂടിയിരുന്ന ശാസ്ത്രിമാരോടുള്ള യേശുവിന്റെ അവകാശവാദം എന്തായിരുന്നു? യേശു പ്രതിരോധിക്കുന്ന വിവാദവിഷയം എന്താണ്?

സംസാരമെന്നതു സാധാരണ വിലയില്ലാത്തതാണ്. ദൈവം സംസാരിക്കുമ്പോൾ അങ്ങനെയല്ല. ദൈവത്തിന്റെ അതിശക്തമായ വാക്കിനാൽ സകലവും ഉളവായിവന്നു (ഉല്പത്തി 1). ക്ഷമയെന്നതിനെ നമുക്കാർക്കും കാണാവതല്ല. അത് ഏറ്റവും വിലയുള്ളതാണ്. ക്ഷമയുടെ വിലയായി ദൈവപുത്രൻ ക്രൂശിൽ ജീവനർപ്പിച്ചു. മറ്റെല്ലാം രണ്ടാംതരം മാത്രം. ക്ഷമയുടെ ശക്തിയും അധികാരവും യാഥാർത്ഥ്യവും വെളിപ്പെടുത്തേണ്ടതിനു പിന്നീടു യേശു പക്ഷവാതക്കാരനെ സൗഖ്യമാക്കി.

നമുക്കുള്ളിൽത്തന്നെ സൗഖ്യം ആവശ്യമെന്നു ദൈവം അറിയുന്നു. അതിനുശേഷം ചിലപ്പോൾ പക്ഷവാതക്കാരനു സംഭവിച്ചതുപോലെ നമുക്കും സൗഖ്യം വന്നെന്നിരിക്കും. അല്ലായെങ്കിൽ ശാരീരികസൗഖ്യത്തിനായി നാം ഉയിർപ്പിൽ പ്രഭാതംവരെ കാത്തിരിക്കണം. എങ്ങനെയാണെങ്കിലും നമ്മുടെ സകല കഷ്ടതകളുടെയും മദ്ധ്യേ മഹാവൈദ്യനായ രക്ഷകൻ തന്റെ സ്നേഹവും കൃപയും ക്ഷമയും നമുക്കായി ഏല്പിച്ചുകൊണ്ടു സ്വസ്ഥത തരുന്നു. രോഗസൗഖ്യത്തിനായുള്ള നമ്മുടെ പ്രാർത്ഥനയ്ക്ക് ഉടനടി ഉത്തരം ഉണ്ടായില്ലായെങ്കിലും നാം സ്വസ്ഥതയും സമാധാനവും എപ്രകാരം കണ്ടെത്തും?

## ഓടിപ്പോക്ക്

ലോകാരോഗ്യസംഘടനയുടെ (WHO) കണക്കനുസരിച്ച് മൂവായിരംലക്ഷം ജനങ്ങളെ ലോകത്താകമാനം ബാധിക്കുന്ന രോഗത്തിനു പുറമെ ലക്ഷണങ്ങളൊന്നും കാണുകയില്ല. ആഗോളവ്യാപക രോഗഭാരത്തിലേക്കു നയിക്കുന്ന ശാരീരിക വൈകല്യങ്ങൾക്കെല്ലാം പ്രധാനകാരണം സമ്മർദ്ദമാണ്.

നിർഭാഗ്യവശാൽ സമ്മർദ്ദത്തെ ക്രിസ്ത്യാനിത്വത്തിൽ എടുത്തുപറഞ്ഞിട്ടില്ല. കാരണം അതു വിശ്വാസരാഹിത്യത്തിന്റെ ലക്ഷണങ്ങളിലൊന്നാണ്. ക്രിസ്ത്യാനികൾ എല്ലായ്പോഴും സന്തോഷം, ആനന്ദം എന്നിവയാൽ നിറഞ്ഞിരിക്കേണ്ടതല്ലേ? അങ്ങനെയാകുമ്പോൾ സമ്മർദ്ദം ഉണ്ടാകുന്നതിനർത്ഥം ദൈവത്തോടുള്ള ബന്ധത്തിൽ എവിടെയോ എന്തോ തകരാറുണ്ടെന്നുള്ളതല്ലേ?

സമ്മർദ്ദം നമ്മുടെമേൽ പിടിമുറുക്കുമ്പോൾ മാത്രമാണു നാം അറിയുന്നത്. വൈകാരികമോ ശാരീരികമോ ആയ ഒരു സംഭവം നമ്മിൽനിന്നും ഒഴുകിപ്പോയ ശേഷമായിരിക്കും വേഗത്തിൽ നമ്മെയതു ബാധിക്കുന്നത്. ഉദാഹരണത്തിന് ദൈവത്തിന്റെ വിശ്വസ്ത പ്രവാചകനായിരുന്ന ഏലീയാവ് കർമ്മേൽ പർവ്വത സംഭവശേഷം ശാരീരികമായും വൈകാരികമായും പൂർണ്ണമായി തകർന്നൊഴുകിപ്പോയതു നോക്കുക.

1 രാജാ. 18 ൽ ദൈവത്തിന്റെ അത്ഭുത അഗ്നി ആകാശത്തു നിന്നിറങ്ങിവന്നത് അവൻ കണ്ടുകഴിഞ്ഞു. മൂന്നുവർഷം നീണ്ടുനിന്ന വരൾച്ചയ്ക്കുശേഷം അവന്റെ പ്രാർത്ഥനയ്ക്കുത്തരമായി മഴ പെയ്യുന്നതും അവൻ കണ്ടു. ഈസേബെല്ലിന്റെ ഭീഷണിക്കു മുമ്പിൽ ഭയന്ന് അവൻ ഓടിപ്പോയതെന്തുകൊണ്ട്? 1 രാജാ. 19:1–5 വായിക്കുക.

മർമ്മഭേദകമായ ഇരുപത്തിനാലു മണിക്കൂറാണ് ഏലീയാവു കടന്നുപോയത്. അതോടൊപ്പം ഉഗ്രമായ മരണഭീഷണിയും കൂടെയായപ്പോൾ ഏലീയാവിൽ സമ്മർദ്ദം മൂർദ്ധന്യതയിലെത്തി. ബാൽദേവന്റെ പ്രവാചകന്മാർ കൊല്ലപ്പെട്ടു. അതിൽ ചിലർ പക്ഷേ ഏലീയാവിന്റെ കൈകൊണ്ടുമായിരിക്കും (1 രാജാ. 18:40). അവനും അവിടെത്തന്നെ ഉണ്ടായിരുന്നു. നീതിപരമായ ഒരു കാര്യത്തിനുവേണ്ടി ആയിരുന്നെങ്കിൽപ്പോലും ഇപ്രകാരമൊരു സംഭവം കണ്ടുനില്ക്കുന്നവരിലും അതിൽ പങ്കെടുക്കുന്നവരിലും ഭയപ്പെടുത്തുന്ന സമ്മർദ്ദം വളരെ വേഗം ഉണ്ടായിവരും.

ഇതിൽനിന്നെല്ലാം ഒഴിഞ്ഞിരിപ്പാൻ ഏലീയാവ് ഓടിത്തുടങ്ങി ചിലർ ഗീത സംഭരണിക്കടുത്തേക്കോടി തങ്ങളെ സന്തോഷിപ്പിക്കാൻ ശ്രമിക്കും. നമ്മിലെ സമ്മർദ്ദനില കുറക്കുന്നതിനു നമ്മിൽ ചിലർ ചിലപ്പോൾ ഉറങ്ങാൻ തുടങ്ങും. ചിലർ പുതിയബന്ധങ്ങളിലേക്കോ ജോലികളിലേക്കോ സ്ഥലം മാറ്റത്തിലേക്കോ ഒക്കെ പോയെന്നിരിക്കും. ചിലർ സന്തോഷവും സ്വസ്ഥതയും ഒഴുക്കിക്കളഞ്ഞുകൊണ്ടു കഠിനാദ്ധ്വാനത്തിനോ മറ്റെന്തെങ്കിലും ഏർപ്പാടുകൾക്കോ പോയെന്നിരിക്കും. ചിലർ മരുന്നുകളിൽ ആശ്രയിക്കും. എങ്ങനെയെങ്കിലും ഇതിന്റെ മാനസികാവസ്ഥ കുറഞ്ഞുവരണമെന്നേയുള്ളൂ. ഇതെല്ലാം ഇതിന്റെ ലക്ഷണങ്ങൾക്കു മുഖംമൂടിവെക്കലാണ്. ഇതൊന്നും തന്നെ പ്രശ്നപരിഹാരമല്ല. പ്രശ്നം വഷളാക്കയേയുള്ളൂ.

## ഓടാൻ ശേഷിയില്ല

ഇനി ഓടാൻ അശ്ശേഷം ശക്തിയില്ലാതെ ഏലീയാവു പ്രാർത്ഥിച്ചുതുടങ്ങി. കർമ്മേൽ പർവ്വതമുകളിലെ വിശ്വാസം നിറഞ്ഞ പ്രാർത്ഥനയിൽനിന്നും വ്യത്യസ്ത മായിരുന്നു ഇത് (1 രാജാ. 18:36,37). ബാൽദേവ പ്രവാചകന്മാരുടെയും കോടതി അംഗങ്ങളുടെയും സാധാരണ ജനങ്ങളുടെയുമെല്ലാം മദ്ധ്യത്തിലായിരുന്നു ആദ്യ ത്തേത്. ഇപ്പോൾ ഇത് നൈരാശ്യം നിറഞ്ഞ ഒന്നാണ്.

1 രാജ. 19:4 ൽ താൻ പിതാക്കന്മാരെക്കാൾ നല്ലവനല്ലായെന്നു ഏലീയാവു പറ യുന്നു. അവൻ പറയുന്നതെന്താണ്?

അവസാനം ഏലീയാവിനു സ്വസ്ഥത വന്നപ്പോൾ അവൻ കുറ്റബോധത്താൽ ഞെരിഞ്ഞമർന്നു. ഇസ്രായേലിൽ നവീകരണം വരുത്തുവാനുള്ള ഒരു സുപ്രധാന അവസരം അവൻ പാഴാക്കിയല്ലോയെന്നവനു ഓർമ്മ വന്നു. അവനെ ആവശ്യമുള്ള വരിൽനിന്നകന്ന് അവരെ നിരാശരാക്കിയല്ലോ എന്നവൻ ഓർമ്മിച്ചു. ഇതൊന്നും തന്നെ ചെയ്വാൻ അവൻ ശക്തനുമല്ല. അവനെ നന്നായി മനസ്സിലാക്കയും തന്റെ ജനത്തിന്റെ ചരിത്രം ഗ്രഹിക്കയും ചെയ്തുകൊണ്ട് അവൻ ഒന്നിനും യോഗ്യനല്ലാ യെന്നു തിരിച്ചറിഞ്ഞു.

നാം എത്രമാത്രം കൊടുംപാപികളാണെങ്കിലും ദൈവം ക്രിസ്തുവിനെ എങ്ങനെ കാണുന്നുവോ അപ്രകാരംതന്നെ നമ്മെയും കാണും. ഇതിലും വലിയ പ്രത്യാശ എന്താണ്? ക്രിസ്തുവിന്റെ നീതി വിശ്വാസത്തിൽക്കൂടെ നമുക്ക് അവകാശമാക്കാം (ഫിലി. 3:9–12) കാണുക.

സമ്മർദ്ദം നമ്മെ വിഴുങ്ങി അറപ്പുളവാക്കുന്ന ദ്രുതഭ്രമണ ചുഴിയിൽ ആഴ്ത്തിക്ക ളയും. അവിടെ കിടക്കുന്നേരം മരിച്ചാൽ മതിയെന്നു ചിലപ്പോൾ തോന്നും.

ഇതായിരുന്നു ഏലീയാവിന്റെ കാര്യത്തിലും സംഭവിച്ചതെന്നു തോന്നുന്നു. അവ നതു താങ്ങാവുന്നതിലും അധികമായിരുന്നു. “ഇപ്പോൾ മതി, യഹോവേ, എന്റെ പ്രാണനെ എടുത്തുകൊള്ളണമേ; ഞാൻ എന്റെ പിതാക്കന്മാരെക്കാൾ നല്ലവനല്ലല്ലോ” (1 രാജാ. 19:4).

ഇതിലെ സുവാർത്തയെന്നതു മഹാവൈദ്യനായ കർത്താവ് ഏലീയാവിനെ കൈവെടിഞ്ഞില്ലായെന്നതാണ്. സമ്മർദ്ദം നേരിടുമ്പോഴും നാം നമ്മെ അറിയുന്ന തിലധികം ദൈവം നമ്മെ അറിയുന്നു.

“നമ്മുടെ വീണ്ടെടുപ്പുകാരന്റെ മുഖം അനുകമ്പയോടും സ്നേഹത്തോടും കൂടെ നമ്മുടെമേൽക്കു നിറഞ്ഞുവന്നതിനു പ്രത്യേകതെളിവുകളൊന്നും നമുക്കില്ലാതി രിക്കാം എങ്കിലും അതു വാസ്തവമാണ്. നമ്മെ തൊട്ടതായി തെളിവൊന്നും നമു ക്കില്ലായെങ്കിലും അനുകമ്പ നിറഞ്ഞ മൃദുലതയോടും സ്നേഹത്തോടുംകൂടെ തിരു കരം നമ്മുടെ മേലുണ്ട് SC, P. 97.

ഈ വാക്യങ്ങളിൽനിന്നു നിങ്ങൾക്കുണ്ടാകുന്ന ആശ്വാസം എന്താണ്? സങ്കീ. 34:18; മത്തായി 5:1–3; സങ്കീ. 73:26; യെശ. 53:4–6.

## സ്വസ്ഥതയും അതിലധികവും

ഓട്ടവും മറ്റു പ്രശ്നങ്ങളുമെല്ലാംകൂടെ നേരിട്ട ഏലീയാവു തളർന്നുകഴിഞ്ഞെന്നു ദൈവം കണ്ടു. ശാരീരികതളർച്ചയിലുമധികമായി വൈകാരിക ക്ഷീണവും കുറ്റബോധമെന്ന ഭാരവും അവന്റെമേൽ ആയിരിക്കുന്നതു ദൈവം അറിഞ്ഞിരുന്നു. പക്ഷവാതരോഗിക്കു യേശു പിന്നീടു ചെയ്തതുപോലെ ദൈവം സ്ലേറ്റു തുടച്ചു വൃത്തിയാക്കിക്കൊണ്ട് അവനു വിശ്രമം കൊടുത്തു. പിന്നെ അവൻ ഉറങ്ങി സ്വസ്ഥത പ്രാപിച്ചു.

ഇതു കഥയുടെ അന്ത്യമായിരിക്കുമെന്നു നാം ആഗ്രഹിക്കുമെങ്കിലും കാര്യം അങ്ങനെ ആയിരുന്നില്ല. ദൈവം തരുന്ന സ്വസ്ഥത ഒരിക്കലായിട്ടുള്ളതല്ല. ദൈവത്തിന്റെ സ്വസ്ഥതയിലേക്കു കടക്കുന്നതിനു സൗഖ്യവും ആവശ്യമുണ്ട്. പ്രതികൂല ചിന്താശീലങ്ങളും നശീകരണസ്വഭാവവും ശാന്തമായി ഉപേക്ഷിക്കേണ്ടതുണ്ട്. സൗഖ്യം നൽകുന്നതിനു ദൈവം കുതിച്ചുചാടുന്നില്ല.

1 രാജാ. 19:5-8. ഏലീയാവ് ഇപ്പോൾ എവിടേക്കു പോകുന്നു?

വിശ്രമശേഷം ഏലീയാവ് വീണ്ടും ഓടുകയാണ്. ഇത്തവണ ദൈവം അതു തിരിച്ചുവിടുന്നു. ഈ പാപലോകത്തിലെ ജീവിതം സമ്മർദ്ദങ്ങൾക്കു കാരണമാകുമെന്നു ദൈവത്തിനറിയാം. ഓടിമറയാനുള്ള നമ്മുടെ ഉള്ളിലെ തള്ളൽ ദൈവം അറിയുന്നു. നമ്മുടെ ഓട്ടത്തെ ദൈവം തിരിച്ചുവിടുന്നു. നാം ചെയ്തുതുടങ്ങുന്ന സ്വയനശീകരണ ഉപാധികൾക്കെല്ലാമുപരിയായി ദൈവത്തിങ്കലേക്കു നാം ഓടണമെന്നു ദൈവം നിശ്ചയിച്ചിരിക്കുന്നു. അതിനായി നാം ഓടിത്തുടങ്ങുമ്പോൾത്തന്നെ നമുക്കു സ്വസ്ഥത തരുന്ന "സാവധാനത്തിലുള്ള മൃദുസ്വരം" (1 രാജാ. 19:12) കേൾപ്പാൻ നാം പഠിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു.

എഴുന്നേറ്റുനടന്നു ദൈവത്തിങ്കലെത്താൻ ഏലീയാവിനു ഊർജ്ജം മിച്ചമില്ല. അതിനുള്ള ശേഷി ദൈവം കൊടുത്തുകൊണ്ടു നല്ലൊരു ദിവസം വരുമെന്നു വാഗ്ദത്തം ചെയ്തു. ഏലീയാവു ചുരച്ചെടിയുടെ കീഴിലിരുന്നു മരിപ്പാൻ ഇച്ഛിച്ചപ്പോൾ അവന്റെ നല്ല ദിനങ്ങളെല്ലാം തീർന്നുകഴിഞ്ഞതായി അവനു തോന്നിയിരുന്നു.

1 രാജാ. 19:15,16; 2 രാജാ. 2:11 ഇനിയും എന്തൊക്കെ ഏലീയാവിനു ചെയ്വാനുണ്ടായിരുന്നു?

ഏലീയാവിനുവേണ്ടി ഇനിയും നല്ല ദിനങ്ങൾ മുന്നിലുണ്ടെന്നു ദൈവത്തിനറിവുണ്ടായിരുന്നു. ദൈവപദ്ധതിപ്രകാരം ജീവിതം ക്രമപ്പെടുത്തി ദൈവിക സ്വസ്ഥത അനുഭവിക്കുമ്പോൾ മാത്രം പ്രവാചകനു സൗഖ്യം വരും. ഇനിയും രാജാക്കന്മാരെ അഭിഷേകം ചെയ്കയും തന്റെ പിൻഗാമിയെ നിയോഗിക്കുകയും വേണം. ഏലീയാവിന് ഒരു മകനെപ്പോലെ അടുത്തുനില്പാനുള്ള എലീശയെ ദൈവം നേരത്തെതന്നെ അറിഞ്ഞിരുന്നു. വിശ്വാസത്തിൽകൂടെ ഏലീയാവു വീണ്ടും ആകാശത്തിൽനിന്നു തീയിറക്കുമെന്നും (2 രാജാ. 1:10) ദൈവം അറിഞ്ഞിരുന്നു. ചൂരച്ചെടിയുടെ കീഴിലെ മരണമല്ല, പകരം സ്വർഗ്ഗീയ സ്വസ്ഥതയ്ക്കുള്ള അഗ്നിമയ രഥയാത്രയായിരുന്നു ദൈവം അവനായി ഒരുക്കിയിരുന്നത്. നമ്മുടെ ചിന്തകൾ എത്ര അസ്വസ്ഥത നിറഞ്ഞവയാണെങ്കിലും ദൈവശക്തിയിൽ ആശ്രയിച്ചുകൊണ്ടു ദൈവത്തിങ്കലെ പിടിവിട്ടുകളയാതിരിപ്പാൻ ഏലീയാവിന്റെ കഥയിൽനിന്നു നാം എന്തു പഠിക്കുന്നു?

## കൂടുതൽ ആശയങ്ങൾ:

"പരിതസ്ഥിതികൾ മാറിമാറിവരുന്നതനുസരിച്ച് നമ്മുടെ അനുഭവത്തിൽ മാറ്റങ്ങൾ സംഭവിക്കാറുണ്ട്. ഈ മാറ്റങ്ങൾ മുഖേന നാം ഉയർച്ചയോ താഴ്ചയോ നേരിടാറുമുണ്ട്. സംഭവഗതികൾ മാറുന്നുണ്ടെങ്കിലും നമുക്കു ദൈവവുമായുള്ള ബന്ധത്തിൽ മാറ്റം വരുത്തുവാൻ അവയെല്ലാം ശക്തിഹീനമാണ്. ആ ദൈവം ഇന്നലെയും ഇന്നും എന്നെന്നും ഒരേപോലെതന്നെ. ചോദ്യം ചെയ്യപ്പെടാനാകാത്ത ആത്മധൈര്യം കർത്താവിന്റെ സ്നേഹത്തിൽ നമുക്കുണ്ടായിരിക്കണമെന്നു ദൈവം ആവശ്യപ്പെടുന്നു" IHP, P. 120.

"പ്രകടമായ എന്തെങ്കിലും ചിന്ത നിങ്ങളിലുണ്ടെങ്കിലും ഇല്ലായെങ്കിലും ദൈവശക്തിയിൽ മുറുകെപ്പിടിച്ചുകൊണ്ട് യേശുവിന്റെ മുഖത്തേയ്ക്കു നോക്കി വിശ്വാസത്തിൽ കൂടെയുള്ള നിശ്ശബ്ദപ്രാർത്ഥനകളോ നടത്തുക. നിങ്ങൾ കഴിച്ച എല്ലാ പ്രാർത്ഥനകളും ദൈവസിംഹാസനത്തിൻ മുമ്പാകെയുണ്ടെന്നും വാഗ്ദത്തങ്ങളൊന്നും നിഷ്ഫലമാകയില്ലായെന്നും ഗ്രഹിച്ചു ധൈര്യം പൂണ്ടു മുന്നേറുക. സമ്മർദ്ദത്തിൽ നിറഞ്ഞു ദുഃഖിക്കേണ്ടിവന്നാലും നിങ്ങളുടെ ഹൃദയങ്ങളിൽ ദൈവത്തിനു പാടിക്കൊണ്ടു നേരെ മുമ്പോട്ടുതന്നെ പോവുക. വെളിച്ചം വന്നെത്തും, ആനന്ദം നമ്മുടേതായിത്തീരും, മഞ്ഞും മേഘങ്ങളും നീങ്ങിമാറും എന്ന് അറിഞ്ഞുകൊണ്ടുതന്നെ ഞാൻ ഇതുപറയുന്നു. അന്ധകാരശക്തികളുടെ അധികാരത്തിനപ്പുറം ദൈവസാന്നിദ്ധ്യത്തിന്റെ സൂര്യശോഭ കടന്നുവരും" SM, book 2, PP. 242, 243.

## ചർച്ചാചോദ്യങ്ങൾ

1. **മാനസിക അസ്വസ്ഥതകളോ സമ്മർദ്ദമോ നേരിടുന്ന ഒരാളെ സഹായിക്കുകയെന്നതു വളരെ ദുഷ്ക്കരമാണ്. സമ്മർദ്ദം നേരിട്ടുകൊണ്ടിരിക്കുന്നവരെ സഹായിക്കുന്നതിന് ഒരു സഭയെന്നരീതിയിൽ നിങ്ങൾക്കു നിർവ്വഹിക്കാവുന്ന നല്ല മാർഗ്ഗങ്ങൾ എന്തൊക്കെയാണ്?**
2. **ദൈവമുമ്പാകെ ആത്മാർത്ഥതയുള്ളവരും തുറന്ന മനസ്സുള്ളവരുമായി കഴിയേണ്ടതിനു നാം ബദ്ധപ്പെടാറുണ്ട്. ചില സങ്കീർത്തനങ്ങൾ ധ്യാനിച്ച് തിരുവചനലേഖകർ ദൈവസന്നിധിയിൽ എത്രമാത്രം ആത്മാർത്ഥതയും തുറന്ന മനസ്സാക്ഷിയും ഉള്ളവരായിരുന്നുവെന്നു കാണുക. നമ്മുടെ പ്രാദേശികസഭയിൽ ആത്മാർത്ഥതയും തുറന്ന മനസ്സും എപ്പോഴും നിലനില്ക്കേണ്ടതിനുള്ള സാഹചര്യം വളർത്തിയെടുപ്പാൻ നമുക്കെങ്ങനെ സാദ്ധ്യമാകും?**
3. **സമ്മർദ്ദം നേരിടുമ്പോൾ പ്രാർത്ഥനയെന്നതു പ്രയാസമാകും. സ്വയമായി പ്രാർത്ഥിക്കുവാനാകാത്തവർക്കു വേണ്ടി മദ്ധ്യസ്ഥത വഹിച്ചു പ്രാർത്ഥിക്കേണ്ടതിന്റെ ശക്തിയെപ്പറ്റി ചർച്ച ചെയ്യുക.**
4. **വിശ്വാസമെന്നതു വെറും തോന്നലല്ലായെന്ന് ഓർമ്മിപ്പിക്കേണ്ടത് എത്ര പ്രധാനമാണ്? നാം സമ്മർദ്ദത്തിലോ നിരാശയിലോ ഭയപ്പാടിലോ ആധിയിലോ ആയിത്തീരുന്നതു വിശ്വാസമില്ലായ്മയോ ദൈവിക ആശ്രയമില്ലായ്മയോ അല്ല. നമ്മളെല്ലാവരും ഒരു ഘട്ടത്തിലോ മറ്റൊന്നിലോ ഇപ്രകാരം ആയിപ്പോകാറുണ്ട്. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ എത്ര പ്രയാസമാണെങ്കിലും വിശ്വാസത്തിൽ ഉറച്ചുനില്ക്കേണ്ടത് ആവശ്യമാണെന്നു നമുക്കെങ്ങനെ പഠിക്കാം?**
5. **പാപം നിറഞ്ഞ നിങ്ങളുടെ ജീവിതചര്യകൊണ്ടു രോഗം വന്നുവെന്നു മനസ്സിലാക്കുമ്പോൾ പക്ഷവാതരോഗിയുടെ കഥയിൽനിന്നു നിങ്ങൾക്കുണ്ടാകുന്ന വലിയ പ്രത്യാശ എന്താണ്?**